2021 ജനവരി മുതൽ 25-9-2021 വരെ എടക്കര സബ്സ്റ്റേഷനിൽനിന്നും ഉണ്ടായിട്ടുള്ള ഒരു മണിക്കൂറിൽ കൂടുതൽ ദൈർഘ്യമുള്ള വൈദ്യുതി മുടക്കങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിലമ്പൂർ ലൈനിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ പകരമായി പോത്തുകല്ല് സബ് സ്റ്റേഷനിൽ നിന്നോ മറ്റേതെങ്കിലും സബ്സ്റ്റേഷനുകളിൽ നിന്നോ എടക്കര സബ് സ്റ്റേഷനിലേയ്ക്ക് താൽക്കാലികമായി വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിക്കുമോയെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

110 KV നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നാണ് നിലവിൽ 33 KV പോത്തുകല്ല് സബ്സ്റ്റേഷനിലേയ്ക്കും 110 KV എടക്കര സബ്സ്റ്റേഷനിലേയ്ക്കും വൈദ്യുതി എത്തിക്കുന്നത്. നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ എടക്കര സബ്സ്റ്റേഷനിലെ മുഴുവൻ ലോഡും സപ്ലൈ ചെയ്യുന്നതിനുള്ള കപ്പാസിറ്റി പോത്തുകല്ല് സബ്സ്റ്റേഷനോ പൂക്കോട്ടുമ്പാടം സബ്സ്റ്റേഷനോ ഇല്ല. ആയതിനാൽ ടി സബ്സ്റ്റേഷനുകളിൽ നിന്നും എടക്കര സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പകരം സംവിധാനം സാങ്കേതികമായി സാദ്ധ്യമല്ല എന്നാൽ നിലമ്പൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള പകരം സംവിധാനമായി അരീക്കോട് നിന്നും നിലമ്പൂരിലേയ്ക്കുള്ള 110 കെ.വി DC ലൈനിനുള്ള പ്രൊപ്പോസൽ 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

**കുട്ടനാട്ടിൽ കൃഷിക്കായി കുറഞ്ഞ നിരക്കിൽ വൈദ്യുതി**

268 (653) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ കൃഷിക്കായി വൈദ്യുതി യഥാസമയം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാകുന്നതിലേക്കായി ദ്യുതി-2020, ട്രാൻസ്ഗ്രിഡ് - 2.0 എന്നീ പദ്ധതികൾ യഥാക്രമം വിതരണമേഖലയിലും പ്രസരണമേഖലയിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കേരളത്തിലെ നെല്ലറയായ കുട്ടനാട്ടിലെ കർഷകർ കൃഷി ആവശ്യത്തിനായി 6 മാസത്തെ താത്കാലിക വൈദ്യുതി കണക്ഷനുവേണ്ടിയാണ് അപേക്ഷ നൽകുന്നത്. താത്കാലിക കണക്ഷനുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ, പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി കണക്ഷനുള്ള തുക അടച്ചാൽ ഉടനെ തന്നെ താത്കാലിക വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(ബി) കൃഷിയാവശ്യത്തിനുള്ള വൈദ്യുതിനിരക്ക് കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(സി) കാർഷികവൃത്തി ലാഭകരമാക്കാൻ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, 8-7-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള വൈദ്യുതി നിരക്കുകളാണ് നിലവിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കി വരുന്നത്. വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ (Average Cost of Supply) കുറഞ്ഞ നിരക്കിലാണ് നിലവിൽ കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്. 2020-21 വർഷത്തെ കമ്മീഷൻ നിശ്ചയിച്ച ശരാശരി വൈദ്യുതി വില യൂണിറ്റൊന്നിന് 6.50 രൂപയായിരിക്കെ കാർഷിക ഉപഭോക്താക്കൾക്ക് (ലോ ടെൻഷനിൽ) 2.30 രൂപയാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള എനർജി ചാർജ്. ഇതിൽ തന്നെ ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകുകയും ബാക്കിയുള്ള തുക മുഴുവനായും (ഗവൺമെന്റ് നിഷ്കർച്ചിട്ടുള്ള ഭൂപരിധിയുള്ള കർഷകർക്ക്) സംസ്ഥാനത്തെ കൃഷി ഭവൻ മുഖേന ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നു. അതായത് കർഷകർക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് ലഭ്യമാക്കി വരുന്നത്.

**പറമ്പിക്കുളത്തെ ആദിവാസി കോളനികളിലെ വൈദ്യുതി വിതരണം**

269 (654) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളത്തെ വിവിധ ആദിവാസി കോളനികളിൽ കേബിൾ മുഖേന വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly